**Athmaraksha.org**

മാതാവിന്റെ പ്രത്യക്ഷീകരണങ്ങൾ

## എന്താണ് മെജ്ജുഗോറിയ ദർശനങ്ങൾ?




1981 ജൂൺ 25 (വി.സ്നാപക യോഹന്നാന്റെ തിരുനാൾ ദിനം) മുതൽ മെജ്ജുഗോറിയ എന്ന ചെറുഗ്രാമത്തിൽ പരിശുദ്ധ കന്യകാമാതാവ് ആറു കുട്ടികൾക്കു പ്രത്യക്ഷയായി ദൈവിക സന്ദേശങ്ങൾ തുടർച്ചയായി ലോകത്തിനു നൽകിക്കൊണ്ടിരിക്കുന്നു. ദൈവപിതാവാണ് തന്നെ അയച്ചിരിക്കുന്നതെന്നും തന്നോടൊപ്പം ചെലവഴിക്കുന്ന ഈ കാലം മനുഷ്യകുലത്തിനു കൃപയുടെ ദിനങ്ങളാണെന്നും ഈ സന്ദേശത്തിലൂടെ അമ്മ അറിയിക്കുന്നു.

തന്റെ ദൗത്യം സമാധാനത്തിന്റെതുമാണെന്ന് പറയുന്ന പരിശുദ്ധ അമ്മ അതു കൈവരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും കാട്ടിത്തരുന്നു. ആ വഴിയിലൂടെ സഞ്ചരിച്ചുകൊണ്ട് തന്റെ പുത്രനായ ഈശോയിലേക്ക് നാം എത്തിച്ചേരണമെന്ന് അമ്മ ആഗ്രഹിക്കുന്നു. ഈശോയുടെ രണ്ടാംവരവ് ഏറ്റം അടുത്തിരിക്കുന്നതിനാൽ, അമ്മയുടെ വിളിക്കു പ്രത്യുത്തരം നൽകിക്കൊണ്ട്, പാപം വെടിയുവാനും പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെതുമായ ഒരു ജീവിതം നയിക്കുവാനും അമ്മ ആഹ്വാനം ചെയ്യുന്നു.

മിർജാന, മരീജ, വിക്കാ, ഇവാൻ, ഇവാങ്കാ, ജക്കോവ് എന്നീ കുട്ടികൾക്കാണ് മാതാവ് പ്രത്യക്ഷപ്പെട്ടത്. കുട്ടികൾ ഇക്കാര്യം ഗ്രാമവാസികളെയും ദേവാലയാധികാരികളെയും അറിയിച്ചുവെങ്കിലും ആരും അവരെ വിശ്വസിച്ചില്ല. എന്നാൽ ദർശനങ്ങൾ തുടർന്നുകൊണ്ടിരുന്നു. ഗ്രാമത്തിന്റെ പല ഭാഗങ്ങളിലായി വസിക്കുന്ന ദർശകരായ കുട്ടികൾ മാതാവു പ്രത്യക്ഷപ്പെടുന്ന സമയമാകുമ്പോഴേക്കും അത്ഭുതകരമായി ഒരുമിച്ചു കൂടി പ്രാർത്ഥിക്കുവാൻ തുടങ്ങി. ഇതു ശ്രദ്ധിച്ച ഇടവകജനങ്ങളും അവരോടൊപ്പം പ്രാർത്ഥനയ്ക്കു കൂടി. സംശയാലുവും ഇടവകയിൽ സംഭവിക്കുന്ന കാര്യങ്ങളിൽ അസ്വസ്ഥനുമായിരുന്ന വികാരി ഫാ.ജോസോ, ഒരു ദിവസം തീക്ഷ്ണമായ പ്രാർത്ഥനയിൽ മുഴുകിയിരിക്കുമ്പോൾ, ഒരു ആന്തരിക സ്വരം ശ്രവിച്ചു. കുട്ടികൾ പറയുന്നതു സത്യമാണ്. അവരെ സംരക്ഷിക്കുക, പിന്നീടൊരിക്കലും അദ്ദേഹം സംശയിച്ചില്ല. അന്നുമുതൽ അദ്ദേഹം മെജ്ജുഗോറിയൻ സന്ദേശങ്ങളുടെ വിശ്വസ്തനായ പ്രചാരകനായി മാറി.

### ആദ്യകാല സന്ദേശങ്ങൾ

1981 ജൂൺ 24 വൈകുന്നേരം നടക്കാനിറങ്ങിയ ഇവാങ്കാ ഇവാങ്കോവിച്ച് (16) മിർജാന ഡ്ജിസെവിച്ച് (16) എന്നീ പെൺകുട്ടികൾ തിരിച്ച് വീട്ടിലേക്കു പോകുമ്പോൾ സമീപത്തുള്ള മലമുകളിൽ, കൈകളിൽ ഒരു ശിശുവിനെ വഹിച്ചുകൊണ്ടുനിൽക്കുന്ന ഒരു സ്ത്രീരൂപത്തിന്റെ അവ്യക്തരൂപം കണ്ടു! അത് പരിശുദ്ധ കന്യകാമാതാവാണെന്ന് അവർക്കു തോന്നി. ആ രൂപം അവരെ മാടിവിളിച്ചെങ്കിലും ഭയം നിമിത്തം അവർ മലയുടെ സമീപത്തേക്കു പോയില്ല. വീട്ടിലുള്ളവരോട് ഇക്കാര്യം അവർ രണ്ടുപേരും പറഞ്ഞെങ്കിലും വീട്ടുകാരരു വിശ്വസിച്ചില്ല. പിറ്റേദിവസവും അതേസമയത്ത് ദർശനം ആവർത്തിച്ചു. ഇപ്രാവശ്യം ആദ്യദിനം ദർശനത്തിൽ കണ്ട ശിശു ഉണ്ടായിരുന്നില്ല. മിർജാനയോടും ഇവാങ്കയോടുമൊപ്പം അവരുടെ കൂട്ടുകാരായ മറ്റു നാലുപേർ കൂടിയുണ്ടായിരുന്നു. വിക്കാ (17), മരീജ (16), ഇവാൻ (16), ജക്കൊവ് (10) എന്നിവരായിരുന്നു അവർ.

## ജൂൺ 15, 1981

ദർശനത്തിലെ സ്ത്രീ രൂപം പറഞ്ഞു. ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!. ഇവാങ്ക ചോദിച്ചു എന്റെ അമ്മ എവിടെയാണ്? ( ഇവാങ്കയുടെ അമ്മ 2 മാസം മുൻപ് മരിച്ചുപോയിരുന്നു). അവൾ എന്നോടൊപ്പമുണ്ട്. സന്തോഷവതിയായിരിക്കുന്നു. കുട്ടികൾ വീണ്ടും ചോദിച്ചു. ഗോസ്പ ( പരിശുദ്ധ അമ്മയുടെ ക്രോയേഷ്യൻ നാമമാണ് ഗോസ്പ) നാളെയും വരുമോ? സ്ത്രീ രൂപം സമ്മതഭാവത്തിൽ തല കുലുക്കി. മിർജാന പറഞ്ഞു: ഞങ്ങളെ ആരും വിശ്വസിക്കുന്നില്ല. ഞങ്ങൾക്ക് വട്ടാണെന്ന് അവർ പറയും. അവർ ഞങ്ങളെ വിശ്വസിക്കേണ്ടിതിന് ദയവായി ഗോസ്പ ഒരു അടയാളം തരിക. ദർശനം പുഞ്ചിരി തൂകി പറഞ്ഞു. എന്റെ കുഞ്ഞു മാലാഖമാരെ, കർത്താവിന്റെ സമാധാനത്തിൽ പോവുക. അന്നത്തെ ദർശനം അവസാനിച്ചു.

## ജൂൺ 26, 1981

മൂന്നാം ദിനത്തിൽ ദർശകരായ കുട്ടികളോടൊപ്പം ഏതാണ്ട് മൂവായിരം പേരോളം വരുന്ന ജനക്കൂട്ടവുമുണ്ടായിരുന്നു. ദർശനം തുടങ്ങിയപ്പോൾ ആരോ പറഞ്ഞു കൊടുത്തതനുസരിച്ച് , വിക്കാ ദർശനത്തിലെ സ്ത്രീ രൂപത്തിന്റെ മേൽ വിശുദ്ധ ജലം തളിച്ചുകൊണ്ടു പറഞ്ഞു . ഇത് ഗോസ്പ ആണെങ്കിൽ ഞങ്ങളോടൊപ്പം നിൽക്കുക. അല്ലെങ്കിൽ മാറിപോവുക.

ദർശനത്തിലെ സ്ത്രീരൂപം പുഞ്ചിരിക്കുക മാത്രം ചെയ്തു. ഇവാങ്ക: ഗോസ്പ എന്തിനാണ് ഇവിടെ വരുന്നത്? ഞങ്ങൾ എന്തു ചെയ്യണമെന്നാണ് ഗോസ്പ ആഗ്രഹിക്കുന്നത്?. ഇവിടെ അനേകം യഥാർത്ഥ വിശ്വാസികളുണ്ട്, അതാണ് ഞാൻ ഇവിടെ വരാൻ കാരണം.നിങ്ങളോടൊപ്പമായിരുന്നുകൊണ്ട് ലോകം മുഴുവനെയും അനുരഞ്ജനത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കാൻ ഞാനാഗ്രഹിക്കുന്നു. മിർജാന വീണ്ടും ചോദിച്ചു അങ്ങ് വാസ്തവത്തിൽ ആരാണ്. മറുപടി ഞാൻ പരിശുദ്ധ കന്യാകാമാതാവാകുന്നു. അമ്മ ഞങ്ങൾക്കു പ്രത്യക്ഷപ്പെടാൻ കാരണമെന്താണ്? ഞങ്ങൾ മറ്റുള്ളവരേക്കാൾ ഒട്ടും നല്ലവരല്ല. ഏറ്റം നല്ലവരെ മാത്രം തെരെഞ്ഞെടുക്കണമെന്ന് എനിക്കു നിർബന്ധമില്ല. അമ്മ നാളെയും വരുമോ?. ഉവ്വ് ഇതേ സ്ഥലത്ത്. ദർശനം അവസാനിച്ചു.